# മെത്രാപ്പോലീത്തായുടെ കത്ത്

ജനുവരി 2018



കർത്താവിൽ പ്രിയരേ,

2017 നോടു വിടപറയാൻ ഏതാനും ദിവസങ്ങൾ മാത്രം നമുക്കു മുൻപിൽ ബാക്കി നിൽക്കുന്നു. സാധ്യതകൾ നിറഞ്ഞ പ്രതീക്ഷയോടു കൂടി 2018 നെ വരവേല്ക്കുവാൻ ലോകം ഒരുങ്ങുകയാണ്. 2017 ന്റെ വിവിധ അനുഭവങ്ങളിൽ ലഭ്യമായ ദൈവകൃപയോർത്ത് നമുക്ക് സന്തോഷിക്കാം. ഹൃദയപൂർവ്വം നമുക്ക് ദൈവത്തിന് സ്തോത്രം കരേറ്റാം. നാം വിടപറയുന്ന സംവത്സരത്തിന്റെ അവസാന മാസത്തിൽ കേരളത്തിന്റെ തെക്കൻ മേഖലയിലും കന്യാകുമാരിയിലും ആഞ്ഞടിച്ച ഓഖി കൊടുങ്കാറ്റ് സൃഷ്ടിച്ച ദുരന്തത്തിന്റെ അതിദാരുണമായ അനുഭവങ്ങൾക്ക് ഇരയായ ആയിരങ്ങളുടെ കണ്ണുനീർ ഇനിയും തോർന്നിട്ടില്ല. ദൈവം സൃഷ്ടിച്ച അതിമനോഹരമായ ലോകത്തെ പ്രകൃതി ദുരന്തങ്ങൾ വന്നാക്രമിക്കുന്നത് പലപ്പോഴും മനുഷ്യനിർമ്മിതമായ ദുരന്തങ്ങളുടെ പ്രതികരണമായിട്ടാണ് എന്ന സത്യം നാം വിസ്മരിക്കരുത്. സുന്ദരമായ പ്രകൃതിയെ സ്വാർത്ഥതയും അഹങ്കാരവും മൂലം സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി ദുരുപയോഗം ചെയ്തതിന്റെയും ചൂഷണം ചെയ്തതിന്റെയും അനന്തര ഫലമായിട്ടാണ് പ്രകൃതി ദുരന്തങ്ങൾ പലപ്പോഴും വന്നുഭവിക്കുന്നത് എന്ന കാര്യം നാം അനുസ്മരിക്കേണ്ടതാണ്. ഈ ദുരന്തത്തിന്റെ കാരണമായ കൊടുങ്കാറ്റിനെ കുറിച്ചുള്ള മുന്നറിയിപ്പ് യഥാസമയം നൽകാതിരുന്നതും ലഭിച്ച അറിയിപ്പിനെപ്പോലും ഗൗരവപൂർവ്വം പരിഗണിക്കാതിരുന്നതും ബന്ധപ്പെട്ട ഭരണസംവിധാനങ്ങളുടെ ഭാഗത്തുനിന്നുണ്ടായ അക്ഷന്തവ്യമായ അപരാധമാണ് എന്ന് പറയേണ്ടിയിരിക്കുന്നു. പണ്ടൊരു സഭാ പിതാവ് ഇപ്രകാരം പ്രാർത്ഥിച്ചു–"എന്റെ ദൈവമെ, ഞാൻ ചെയ്തത് തെറ്റെന്ന് എനിക്ക് ബോധ്യമായാൽ അത് അംഗീകരിച്ച് ഏറ്റുപറയാനുള്ള കൃപ നൽകേണമേ". ഇന്ന് കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകൾ പ്രാർത്ഥിക്കേണ്ട ഒരു പ്രാർത്ഥനയാണിത്. ദുരന്ത ബാധിതർക്ക് ആശ്വാസം പകരുവാനുള്ള നടപടികൾ മൈതാന പ്രസംഗങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ സഹായം ലഭിക്കേണ്ട ഇടങ്ങളിലേക്കും വ്യക്തികളിലേക്കും അടിസ്ഥാന തലത്തിൽ തന്നെ ഇറങ്ങിച്ചെല്ലേണ്ടതായിട്ടുണ്ട്. ദുരിതാശ്വാസവും പുനരധിവാസവും ത്വരിതപ്പെടുത്തേണ്ടത് മാനവികതയുടെ ഒരു നിദർശനം മാത്രമാണ് എന്ന് ഓർമ്മിപ്പിക്കട്ടെ.

നീലേശ്വരം മാർത്തോമ്മാ ഇടവകാംഗമായ ഷിബു സദനിൽ ഷിബുവും ഭാര്യയും അമ്മയും ഒരു ഭക്ഷ്യവിഷബാധയെ തുടർന്ന് ന്യൂസിലന്റിലെ ഹാമിൽട്ടൻ ഹോസ്പിറ്റലിൽ ഐ.സി.യു.ൽ കഴിയുന്നുവെന്ന് കഴിഞ്ഞ കത്തിലൂടെ അറിയിച്ചിരുന്നല്ലോ. മൂന്നുപേർക്കും ആവശ്യമായ ചികിത്സയും പരിചരണവും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അവിടുത്തെ ഇന്ത്യൻ എംബസിയിലൂടെ വേണ്ട ക്രമീകരണം ചെയ്യണമെന്ന സഭയുടെ താല്പര്യം കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളെയും അവരുടെ നാട്ടിലെ വീട് ഉൾപ്പെടുന്ന പാർലമെന്റ് നിയോജകമണ്ഡലത്തിലെ എം.പി.യേയും രാജ്യസഭാ ഉപാദ്ധ്യക്ഷനേയും അറിയിക്കയുണ്ടായി. വളരെ വേഗത്തിൽതന്നെ ഗവണ്മെന്റ് സംവിധാനങ്ങൾ പ്രതികരിക്കുകയും അവിടുത്തെ ഇന്ത്യൻ ഹൈക്കമ്മീഷണറും കൗൺസിൽ ജനറലും അവരെ ആശുപത്രിയിൽ പോയി സന്ദർശിക്കുകയും അത്യാവശ്യമായ ശുശ്രൂഷകൾ നൽകുവാൻ തക്കവണ്ണമുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. ദിവസങ്ങളോളം രോഗത്തിന്റെ ഗുരുതരാവസ്ഥയിൽ അബോധാവസ്ഥയിലായിരുന്ന ആ മൂന്നുപേരുടെയും ആരോഗ്യനില മെച്ചപ്പെടുകയും ബോധം തെളിയുകയും സൗഖ്യത്തിലേക്ക് അവർ തിരിച്ചുവരികയും ചെയ്തു. ഈ മാസം 19-ാം തീയതി കുടുംബനാഥനായ ഷിബുവും അദ്ദേഹത്തിന്റെ ഭാര്യയും നേരിട്ട് നമ്മെ ടെലഫോണിൽ വിളിക്കുകയും നമ്മോടു സംസാരിക്കുകയും ചെയ്തു. ഇപ്പോൾ അവർ ഭവനത്തിലേക്ക് മടങ്ങി എന്നാണ് പറഞ്ഞത്. അനേകായിരങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അസാധ്യമായ കാര്യങ്ങളെ സാധ്യമാക്കുന്ന വലിയവനായ ദൈവം അവർക്ക് അത്ഭുതകരമായ വിടുതലും സൗഖ്യവും നൽകി. വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം.

കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ എറണാകുളത്ത് ആസ്റ്റർ മെഡിസിറ്റി ഹോസ്പിറ്റലിൽ വിദഗ്ദ്ധ പരിചരണത്തിനായി പ്രവേശിക്കപ്പെട്ടു. ചികിത്സയിലൂടെയും പരിചരണത്തിലൂടെയും ആശ്വാസം ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്. കൂടുതൽ സൗഖ്യവും ആശ്വാസവും ബലവും പ്രാപിച്ച് തിരുമേനി ശുശ്രൂഷകളിലേക്ക് മടങ്ങിവരുവാൻ തക്കവണ്ണം വിശ്വാസ സമൂഹം ഹൃദയപൂർവ്വം പ്രാർത്ഥിക്കണം. ഒരു കാര്യം പ്രത്യേകമായി ഓർമ്മിപ്പിക്കട്ടെ. തിരുമേനിയുടെ അവസ്ഥയെ ശരിയായി മനസ്സിലാക്കാതെ അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിൽ സോഷ്യൽ മീഡിയായിലൂടെ വ്യാജമായ വാർത്തകളുടെ ആഘോഷം ചിലർ നടത്തിയത് അങ്ങേയറ്റം വേദനാജനകമാണ്. മനുഷ്യത്വരഹിതമായ ഇത്തരം പ്രവർത്തനങ്ങൾ അങ്ങേയറ്റം അപലപനീയമാണ്. നമ്മുടെ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി കാലിലെ ഒരു അണുബാധയെ തുടർന്ന് പനി ബാധിതനായി ഏതാനും ദിവസങ്ങൾ ആശുപത്രിയിൽ കഴിയേണ്ടി വന്നു. വിശ്വാസ സമൂഹം പ്രാർത്ഥനയിൽ ജാഗരിച്ചു. തിരുമേനിക്കും ആശ്വാസവും സൗഖ്യവും ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കാം.

മലേഷ്യായിൽ മാർത്തോമ്മാ സഭയ്ക്ക് 20 ഇടവകകളാണ് ഉണ്ടായിരുന്നത്. എന്നാൽ മലേഷ്യൻ രാഷ്ട്ര രൂപീകരണത്തിനുശേഷം മലേഷ്യയിലുള്ള നമ്മുടെ സഭാ സമൂഹം ചിതറിക്കപ്പെട്ടു. ഒരു ന്യൂനപക്ഷം മാതൃരാജ്യമായ ഇന്ത്യയിലേക്ക് മടങ്ങി. ഒരു വിഭാഗം അധീശ ഗവണ്മെന്റായി നിലകൊണ്ടിരുന്ന ബ്രിട്ടനിലേക്ക് മടങ്ങി. ഒരു വലിയ വിഭാഗം തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി അവരെ ആസ്ട്രേലിയയിലേക്ക് അയച്ചു. അവർ പഠനം പൂർത്തിയാക്കി അവിടെ താമസമാക്കിയപ്പോൾ മലേഷ്യയിൽ പെൻഷൻ പറ്റി കഴിഞ്ഞിരുന്ന മാതാപിതാക്കൾ കൂടി ആസ്ട്രേലിയയിലേക്ക് പോയി. മറ്റൊരു വിഭാഗം കാനഡായിലേക്ക് പോയി. വേറൊരു വിഭാഗം തങ്ങൾ ജോലി ചെയ്തിരുന്ന തോട്ടം മേഖലയിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും മലേഷ്യയിലെ പ്രധാന പട്ടണങ്ങളിലൊന്നായ കോലാലംബൂരിലേക്കും പരിസര പ്രദേശങ്ങളിലേക്കും കുടിയേറി പാർത്തു. ഈ പശ്ചാത്തലത്തിൽ മലേഷ്യയിലെ ഇടവകകളുടെ ഘടനയിലും ഒരു മാറ്റം അനി

വാര്യമായി വന്നു. ഇതിന്റെ ക്രമീകരണം നടപ്പിൽ വരുത്തുകയും അവിടെ സഭാ ഭരണഘടനാപ്രകാരമുള്ള തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. മലേഷ്യയിലെ ഇടവകകളെ നാലു സെന്ററുകളായി വിഭജിച്ച് പുതിയ ഭരണസംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരാഴ്ചകാലം നാം മലേഷ്യയിൽ സന്ദർശനം നടത്തിയിരുന്നു.

നമ്മുടെ സഭയിലെ ഡവലപ്മെന്റ് വിഭാഗമായ CARD ന്റെ ആഭിമുഖ്യത്തിൽ വയനാട്ടിൽ തരിശായി കിടന്നിരുന്ന 10 ഏക്കർ നിലം പാട്ടത്തിനെടുത്ത് അവിടെയുള്ള ആദിവാസികളുടെ സഹകരണത്തോടുകൂടി നെൽകൃഷി വളരെ വിജയകരമായി നടത്തുകയുണ്ടായി. ഈ വർഷത്തെ കൊയ്തുത്സവത്തിന് തുടക്കം കുറിക്കുവാനും ആദിവാസികളുടെ കഠിനാദ്ധ്വാനത്തിന്റെ നല്ല ഫലങ്ങൾ ദർശിക്കുവാനും അതോടൊപ്പം തന്നെ ഹ്രസ്വകാല വിളകളുടെ കൃഷിക്കായി വിത്തെറിഞ്ഞ് തുടക്കം കുറിക്കുവാനും നമുക്ക് സാധിച്ചു. അവിടെ കൊയ്ത്ത് പാടങ്ങളിൽ കൊയ്ത്തിനു ശേഷം ഹ്രസ്വകാല വിളയായ പഞ്ഞപ്പുല്ലും കൃഷി ചെയ്യുന്നുണ്ട്. കർണ്ണാടകത്തിലെ മുഖ്യ ഭക്ഷ്യധാന്യമായ പഞ്ഞപ്പുല്ലും ചാമയും കൃഷി ചെയ്യുന്നത് ആരോഗ്യകരമായ ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിന് ഏറെ സഹായകരമാണ്. കർണ്ണാടകയിൽ പഞ്ഞപ്പുല്ലുപോലുള്ള ഭക്ഷ്യധാന്യങ്ങൾ ഉപയോഗിക്കുന്നവരിൽ പ്രമേഹംപോലുള്ള രോഗങ്ങൾ കുറഞ്ഞ തോതിൽ മാത്രമാണ് കാണപ്പെടുന്നത് എന്നതും ഒരു വസ്തുതയത്രെ. ഇത്തരം ഭക്ഷ്യധാന്യങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഒരു ശീലം നമ്മുടെ നാട്ടിലും രൂപപ്പെടേണ്ടത് ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് ഏറെ ആവശ്യമാണ്. വാഴ, തെങ്ങ് മുതലായവ കൃഷി ചെയ്യുന്ന തോട്ടങ്ങളിൽ ഇടവിളകളായി മറ്റ് വിളകൾ കൃഷി ചെയ്ത് ഏറ്റവും പ്രയോജനപ്പെടുത്തുന്നതും വയനാട്ടിൽ കാണുവാൻ കഴിഞ്ഞു. കേരളത്തിന്റെ വിവിധ ഇടങ്ങളിൽ തരിശായി കിടക്കുന്ന ഇടങ്ങളെ സമൃദ്ധമായ വിളവു നൽകുന്ന കൃഷി ഭൂമികളാക്കി രൂപപ്പെടുത്തുവാൻ നമ്മുടെ CARD നൽകുന്ന നേതൃത്വം അഭിമാനകരവും അഭിനന്ദനാർഹവുമത്രെ. വാസ്തവത്തിൽ എത്ര മാത്രം സാധ്യതകൾ നമ്മൾ കേരളത്തിൽ ഇന്നും ഉപയോഗിക്കാതെ തരിശാക്കിയിടുന്നു എന്നത് എല്ലാവരും ചിന്തിക്കേണ്ട ഒരു വസ്തുതയത്രെ. പണ്ട് മഹാകവി വള്ളത്തോൾ ഇപ്രകാരം പാടി

"ഭാരതമെന്ന പേർ കേട്ടാൽ അഭിമാന
പൂരിതമാകണം അന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളിൽ"

ഈ നാടിന്റെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തണം എന്ന കാര്യത്തിൽ ഒരു ചോരത്തിളപ്പ് നമ്മുടെ ജനതയ്ക്ക് ഇന്നുണ്ടാകേണ്ടിയിരിക്കുന്നു.

2018-19 ലെ ഓരോ ഇടവകയിലെയും തെരഞ്ഞെടുപ്പുകൾ സഭയുടെ ഭരണഘടന അനുസരിച്ച് നടത്തി സമയബന്ധിതമായി പൂർത്തീകരിപ്പാൻ ആവശ്യമായ നടപടികൾ ജനുവരി 15 മുതൽ സ്വീകരിച്ച് തുടങ്ങുന്നതിൽ എല്ലാ ഇടവക വികാരിമാരും ചുമതലക്കാരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

മലങ്കര സഭയിലെ ഒരു വലിയ ഇടവകയായ ആനപ്രമ്പാൽ മാർത്തോമ്മാ ഇടവകയുടെ, പുനർനിർമ്മാണം കഴിഞ്ഞ പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിക്കപ്പെട്ടു. വിഭവസമാഹരണത്തിലും വിനിയോഗത്തിലും ലഭിച്ച കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. ആ ഇടവകയിലെ ആദ്യകാലത്തെ പ്രഗത്ഭ പട്ടക്കാരായിരുന്നു കിഴക്കേത്തലയ്ക്കൽ എം. മാത്തൻ കത്തനാരും ഓമശ്ശേരിൽ റവ. ഒ.സി. വർഗ്ഗീസ് അച്ചനും. ആ ഇടവകയുടെയും സഭയുടെയും വിവിധ ശുശ്രൂഷകളിൽ അവർ നൽകിയ നേതൃത്വം അവിസ്മരണീയമാണ്. തീത്തൂസ് ഒന്നാമൻ തിരുമേനിയെ കോട്ടയത്തുവെച്ച് മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യുന്നതിനുവേണ്ടി തൊഴിയൂരെ സ്വതന്ത്ര സുറിയാനി സഭയിലെ മെത്രാപ്പോലീത്തായെ അതിസാഹസികമായ രീതിയിൽ കോട്ടയത്ത് എത്തിക്കുന്നതിൽ ഈ പട്ടക്കാർ ത്യാഗോജ്ജ്വലമായ സഹകരണം നൽകിയത് പ്രസ്താവ്യമാണ്. ആനപ്രാമ്പാൽ മാർത്തോമ്മാ ഇടവകയുടെ പുതിയ പള്ളി മാർത്തോമ്മാ സഭയിലെ സമ്പൂർണ്ണമായി എ.സി. ക്രമീകരണം ചെയ്ത പള്ളികളിൽ മൂന്നാമത്തേതും ഏറ്റവും വലിയതുമാണ്. ഒരുമയോടെ നിന്ന് ഈ സംരഭത്തിൽ കഴിവിനും കഴിവിനപ്പുറവുമായി സഹകരിച്ച ഇടവക ജനങ്ങളേയും നയപരമായ നേതൃത്വത്തിലൂടെ ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഇടവക വികാരി റവ. കെ.ഇ. ഗീവർഗീസ് അച്ചനെയും ഇടവക ചുമതലക്കാരെയും ബന്ധപ്പെട്ട് പ്രവർത്തിച്ച കമ്മിറ്റികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

പുതുപ്പള്ളി എറികാട് മോറിയ ഇടവകയുടെ പുതുതായി നിർമ്മിച്ച പള്ളിയുടെ കൂദാശ ഈ മാസം അവസാനം നിർവ്വഹിക്കുകയാണ്. മലങ്കര സഭയിലെ നവീകരണത്തിന്റെ ആദ്യ കാലഘട്ടത്തിൽ, പുതുപ്പള്ളി, നിലയ്ക്കൽ ഇടവകകളിലുള്ള നവീകരണ വിശ്വാസികൾ ആ ഇടവകകളിൽ അവർക്കുണ്ടായിരുന്ന അവകാശങ്ങളും പദവികളും നവീകരണ ദർശനത്തിനും സുവിശേഷ സത്യങ്ങൾക്കും വേണ്ടി പരിത്യജിച്ച് രൂപീകൃതമായ മൂന്ന് ഇടവകകളാണ് എറികാട് മോറിയ, പുതുപ്പള്ളി ഹോറേബ്, അഞ്ചേരി ക്രിസ്തോസ് എന്നീ ഇടവകകൾ. ഈ ഇടവകകളിലൂടെ സഭയ്ക്ക് ലഭ്യമായിട്ടുള്ള ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഈ സംവത്സരത്തിൽ കറ്റാനം ആശുപത്രിയിൽ ആരംഭിച്ച കാർഡിയോളജി വിഭാഗത്തിൽ 15 Open Heart Surgery (അതിൽ തന്നെ 6 Valve Replacement Surgery) യും 45 ആഞ്ചിയോഗ്രാം സർജറിയും നടക്കുകയുണ്ടായി.600-ൽ അധികം രോഗികൾക്ക് ഈ വിഭാഗത്തിൽ വിദഗ്ദ്ധ പരിശോധനയും ചികിത്സയും നൽകുവാൻ സാധിച്ചു. മുംബൈയിൽ നിന്ന് ശസ്ത്രക്രിയയ്ക്കായി എത്തിയ രോഗികൾക്ക് മുംബൈ ഭദ്രാസനം ധനസഹായം നൽകി സഹായിച്ചു എന്നത് അഭിനന്ദനാർഹവും മറ്റു ഭദ്രാസനങ്ങൾക്ക് അനുകരണീയമായ ഒരു മാതൃകയുമാണ്.

നമ്മുടെ സഭാകൗൺസിൽ അംഗമായിരിക്കുന്ന വർക്കി ഏബ്രഹാം (ന്യൂയോർക്ക്)മിനെ നമ്മുടെ സംസ്ഥാന ഗവണ്മെന്റ് വേൾഡ് മലയാളി ലോക സഭയിലെ അംഗമായി നോമിനേറ്റ് ചെയ്തിരിക്കുന്നു എന്ന വാർത്ത അറിയിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ വിവിധ നിലകളിലുള്ള ആദരണീയമായ സാമൂഹ്യ സേവനങ്ങളെ പരിഗണിച്ചാണ് ഇപ്രകാരമൊരു നിയോഗം നൽകിയിരിക്കുന്നത്. മുൻപ് അദ്ദേഹം ഇന്തോ-അമേരിക്കൻ ചേമ്പർ ഓഫ് കൊമേഴ്സിന്റെ അദ്ധ്യക്ഷനായിരുന്നു. പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ സഭയിൽ സഭാ കൗൺസിലംഗമായും വിവിധ നിലകളിലും ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ച പൂവത്തൂർ കുമ്പളൂർ വീട്ടിലെ എഞ്ചിനീയർ കെ.കെ. മാത്യു ദീർഘനാളത്തെ രോഗാവസ്ഥയ്ക്കു ശേഷം നിര്യാതനായി. തികഞ്ഞ ക്രൈസ്തവ സാക്ഷ്യത്തോടും ആത്മാർത്ഥതയോടും സഭയോടുള്ള കൂറ് എന്നും നിലനിർത്തിയും സഭയുടെ വിവിധ നിലകളിൽ ശ്രേഷ്ഠമായ ശുശ്രൂഷകൾ കാഴ്ചവെച്ച അദ്ദേഹത്തിന്റെ ശുശ്രൂഷകളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

ആഴ്ചവട്ടത്തിന്റെ രണ്ടാം ദിവസം ആരംഭിക്കുന്നത് പുതുവത്സരത്തോടുകൂടിയാണ്. പുതുവത്സരം ദൈവത്തിന്റെ ഒരു വാഗ്ദാനമാണ്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ലഭിച്ചപ്പോൾ ആ വാഗ്ദാനം നിവൃത്തിയാകുമെന്ന് വിശ്വസിച്ച മറിയയെക്കുറിച്ചാണ് സ്നാപക യോഹന്നാനെ ഉദരത്തിൽ വഹിച്ചിരുന്ന എലിസബേത്ത് 'കർത്താവ് തന്നോട് അരുളിച്ചെയ്തതിന് നിവൃത്തിയുണ്ടാകുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി' എന്ന് പ്രഖ്യാപിക്കുന്നത്. എന്തായിരുന്നു

മറിയയുടെ ഭാഗ്യാവസ്ഥ? പ്രസവിക്കുവാൻ പോലും വഴിയമ്പലത്തിൽ സ്ഥലം കിട്ടിയില്ല. പണ്ട് ഗോത്ര പിതാവായ യാക്കോബും റാഹേലും കൂടി ബേത്‌ലഹേമിലേക്ക് യാത്ര ചെയ്യുമ്പോൾ അവിടെയുള്ള ഒരു കരുവേലകത്തിന്റെ ചുവട്ടിൽ അവർ ഇരിക്കുകയും റാഹേൽ ബെന്യാമിനെ പ്രസവിക്കുകയും ചെയ്തു. ഒരു പക്ഷേ അങ്ങനെയുള്ള ഒരു കരുവേലകത്തിന്റെ ചുവട്ടിലായിരിക്കാം മറിയയും പ്രസവിച്ചത്. റാഹേൽ ബെന്യാമിനെ കരങ്ങളിലെടുത്തു. എന്നാൽ റാഹേൽ മരണം വഴിയായി ഈ ഭൂമിയിൽ നിന്ന് കടന്നുപോയി. മറിയ കുഞ്ഞിനെ പ്രസവിച്ചു. ശീലകൾ ചുറ്റി എവിടെ കിടത്തും എന്ന് അന്വേഷിച്ചു. മാനവികത തളംകെട്ടി നിൽക്കുന്ന ഒരു അന്തരീക്ഷം അവർക്കു ലഭിച്ചില്ല. ഒരു Animistic Environment ആണ് കുഞ്ഞിനെ കിടത്താനായി ലഭിച്ചത് എന്ന് നാം ഓർക്കണം. ഇതാണോ ഭാഗ്യാവസ്ഥ? വിദ്വാന്മാർ രക്ഷകനെ കാണാൻ അന്വേഷിച്ചു വന്നപ്പോൾ അവർ പ്രതീക്ഷിച്ച കൊട്ടാരത്തിലവനെ കണ്ടില്ല. നക്ഷത്രം വഴികാട്ടിയ വഴികളിലൂടെ സഞ്ചരിച്ച് ഒരു സാധാരണ വീട്ടിലെത്തിയാണ് ആ കുഞ്ഞിനെ അവർ കണ്ടത്. പുതിയ മാനവികതയുടെ പിറവിയാണ് അവർ അന്ന് ദർശിച്ചത്. ജനുവരി 1 പരിച്ഛേദന പെരുന്നാളാണ്. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ തിരുസഭയോട് കുഞ്ഞുങ്ങൾ കൂട്ടിച്ചേർക്കപ്പെടുന്ന അനുഭവമാണ് പരിച്ഛേദന പെരുന്നാൾ. കുഞ്ഞിനെയുമായി ദൈവാലയത്തിൽ പരിച്ഛേദനയ്ക്കായി കൊണ്ടുചെല്ലുന്ന വേളയിൽ വന്ദ്യ വയോധികനായ ശെമയോൻ കുഞ്ഞിനെ കരങ്ങളിലെടുത്ത് മറിയയോടു പറയുന്ന ഒരു വാചകമുണ്ട് -"നിന്റെ സ്വന്ത പ്രാണനിൽ കൂടിയും ഒരു വാൾ കടക്കും". സ്വന്ത പുത്രൻ കുരിശിൽ കിടക്കുമ്പോൾ ആ കുരിശിൻ ചുവട്ടിൽ നിന്ന മറിയ ആ അനുഭവത്തിലൂടെയാണ് കടന്നുപോയത്. കുരിശിൽ കിടക്കുന്ന അവസ്ഥയിലും തന്റെ വേദനകൾ മറന്ന് "ഇതാ നിന്റെ മകൻ" എന്ന് പറഞ്ഞ് തന്റെ അമ്മയ്ക്ക് യോഹന്നാനെ നൽകുകയും "ഇതാ നിന്റെ അമ്മ" എന്നു പറഞ്ഞ് അമ്മയെ യോഹന്നാനെയും പരസ്പരം ഭരമേല്പിക്കുന്ന ആ അനുഭവം ഏറ്റവും ഉദാത്തമായ മാനവികതയുടെ സമുന്നതമായ ഒരു ദൃശ്യമാണ്. ക്രൂശാരോഹണത്തിനു മുമ്പ് യേശു പിതാവായ ദൈവത്തോട് പ്രാർത്ഥിച്ചത് തന്റെ ഹിതമല്ല പിതാവിന്റെ ഹിതം നിറവേറട്ടെ എന്നാണ്. യേശുവിന്റെ ജനനത്തെ സംബന്ധിച്ച അറിയിപ്പ് ദൂതൻ മറിയയ്ക്ക് നൽകുമ്പോൾ മറിയ പ്രാർത്ഥിച്ചത് "നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്നാണ്. ഇങ്ങനെ പ്രാർത്ഥിക്കുന്ന ഒരു അമ്മയുടെ മകനു മാത്രമെ ഗത്സമനയിലെ തീവ്രമായ വേദനയിലിരുന്നുകൊണ്ടും പിതാവിന്റെ ഹിതം നിറവേറട്ടെ എന്ന് പ്രാർത്ഥിക്കുവാൻ കഴിയുകയുള്ളു. മാതാപിതാക്കളുടെ മാതൃകയിലാണ് കുട്ടികൾ വളർന്നുവരുന്നത് എന്നാണ് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്. ജനുവരി 6 ശനി ദനഹായാണ്. നമ്മുടെ കർത്താവിന്റെ സ്നാപനത്തെക്കുറിച്ചാണ് അന്ന് ചിന്തിക്കുന്നത്. പാപരഹിതനായ കർത്താവ് പാപികളായ മാനവരാശിയെ വീണ്ടെടുക്കുവാൻ മാനവികതയുടെ സമ്പൂർണ്ണതയിൽ നിന്ന് ദരിദ്രമായ മാനവികതയിലേക്ക് ഇറങ്ങിവന്ന് മാനവരാശിയുമായി താദാത്മ്യം പ്രാപിക്കുന്ന അനുഭവമാണ് യേശുവിന്റെ സ്നാപനത്തിലൂടെ നാം ഉൾക്കൊള്ളേണ്ടത്. ജനുവരി 7 ഞായർ സകലരെയും വീണ്ടെടുക്കുന്ന ദൈവീക ദർശനത്തെക്കുറിച്ച് ചിന്തിക്കുന്നു. തന്റെ ദൗത്യമെന്താണെന്ന് യേശു നസ്രേത്ത് മാനിഫെസ്റ്റോയിലൂടെ ദൈവാലയത്തിൽ വെച്ച് പ്രഖ്യാപിക്കുന്ന രംഗമാണ് അന്നത്തെ സുവിശേഷ ഭാഗത്ത് നാം കാണുന്നത്. അത് വികലവും ദരിദ്രവുമായ മാനവികതയിൽ നിന്നും ധന്യവും അനുഗൃഹീതവുമായ മാനവികതയിലേക്ക് മനുഷ്യനെ വീണ്ടെടുക്കുന്ന യാത്രയുടെ ആരംഭമാണത്രേ. ജനുവരി 8 തിങ്കൾ ആദ്യ രക്തസാക്ഷിയായ വിശുദ്ധ സ്തേഫാനോസിന്റെ നാളാണ്. തന്നെ കല്ലെറിഞ്ഞവർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് രക്തസാക്ഷിത്വം വരിച്ച സ്തേഫാനോസിന്റെ സാക്ഷ്യം എത്രയോ സമുന്നതാണ്. ജനുവരി 14 ഞായർ വിശുദ്ധ വിളിക്ക് യോഗ്യമായ ജീവിതമെന്ന വിഷയത്തെക്കുറിച്ച് ധ്യാനിക്കുന്നു. അന്ന് ലഹരിവർജ്ജനത്തെ കുറിച്ച് നാം കൂടുതലായി ചിന്തിക്കുന്ന ഒരു ദിനം കൂടിയാണ്. ലഹരിപോലുള്ള തിന്മകളിൽ നിന്ന് വിട്ടുനിൽക്കുക മാത്രമല്ല നന്മയോടു ചേർന്നു നിൽക്കാനും നന്മയെ പരിപോഷിപ്പിക്കാനും കഴിയുമ്പോഴാണ് ദിനാചരണം അർത്ഥവത്തായി തീരുന്നത്. ജനുവരി 21 ഞായർ എക്യുമെനിക്കൽ സൺഡേയാണ്. ഏക കർത്താവും ഏക സ്നാപനവും എന്നതാണ് പ്രധാന വിഷയം. നാം എക്യുമെനിസത്തിന്റെ ഒരുമ ക്രിസ്തുവുമായുള്ള ബന്ധത്തിലാണ് യാഥാർത്ഥ്യാമാക്കേണ്ടത്. 'സ്നാനം ഒന്ന്' എന്ന സുവിശേഷ സത്യമാണ് സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും അനുഷ്ഠിക്കുന്നതും. ഒരു കുഞ്ഞിനെ മാമോദീസാ മുക്കുമ്പോൾ പൗരസ്ത്യ സഭകളിൽ ഒരു പട്ടക്കാരനോ മേൽപ്പട്ടക്കാരനോ 'ഞാൻ നിന്നെ മാമോദീസാ മുക്കുന്നു' എന്നു പ്രഖ്യാപിക്കുന്നില്ല. അതിനുള്ള അർഹതയും അവർക്കില്ല. ഇന്നയാൾ മാമോദീസാ മുഴുകപ്പെടുന്നു എന്നാണ് പ്രഖ്യാപിക്കുന്നത്. ക്രിസ്തീയ കുടുംബത്തിൽ ജനിച്ച ഒരു കുട്ടിക്ക് നൽകുന്ന ശിശുസ്നാനം ഒരിക്കലായി മാത്രം നൽകുന്നതാണ്. എന്നാൽ മറ്റു മതവിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് വരുന്നവരുടെ കാര്യത്തിൽ മുതിർന്ന സ്നാനം ആവശ്യമായി വരും. എന്നാൽ സ്നാനം ഒരിക്കലും ആവർത്തിക്കപ്പെടുന്ന കൂദാശയല്ല എന്നു നാം ഓർത്തിരിക്കണം. ജനുവരി 22 മുതൽ 25 വരെ വലിയനോമ്പിനു മുമ്പുള്ള ചെറിയനോമ്പു ദിനങ്ങളാണ്. കർത്താവിന്റെ മരണവും കബറടക്കവും പുനരുത്ഥാനവുമാണ് നോമ്പ് നമ്മെ അനുസ്മരിപ്പിക്കുന്നത്. നോമ്പ് നമ്മുടെ ജീവിതത്തിന് ഒരു പുതുക്കം സമ്മാനിക്കുന്ന അനുഭവമായിത്തീരണം. ജനുവരി 26 ഭാരത റിപ്പബ്ലിക് ദിനമാണ്. ഓരോ പൗരനും അവന്റേതായ ഉത്തരവാദിത്തങ്ങളുണ്ട്. ആ ഉത്തരവാദിത്തം വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുന്നതിലാണ് ഒരു പൗരൻ എന്ന നിലയിൽ ഓരോ വ്യക്തിയും വളരുന്നത്. എല്ലാ മനുഷ്യരിലും പണ്ഡിതനായാലും പാമരനായാലും സമ്പന്നനായാലും ദരിദ്രനായാലും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പലപ്പോഴും പാർശ്വവൽക്കരിക്കപ്പെടുന്ന ആദിവാസികളുടെ കൂട്ടത്തിൽ തന്നെ ഏറെ അവഗണിക്കപ്പെട്ട് കിടക്കുന്നവരായാലും അവരിലെല്ലാം ദൈവത്തിന്റെ ചൈതന്യം തുടിക്കുന്നുണ്ട്. അതുകൊണ്ടാണ് ഓരോ പൗരന്റെയും അവകാശങ്ങൾ ആദരണീയമായി പരിഗണിക്കപ്പെടേണ്ടത്. സഭ ഒരു പ്രാർത്ഥനാ സമൂഹമാണ് എന്ന ചിന്തയെ കേന്ദ്രീകരിച്ചാണ് ജനുവരി 28 ഞായറാഴ്ച നാം ധ്യാനിക്കുന്നത്. നാം ദൈവകൃപയിൽ വളർന്നുവരുന്നതിനും സഭയോടും സമൂഹത്തോടും രാഷ്ട്രത്തോടും ലോകത്തോടുതന്നെയും ഉത്തരവാദിത്വത്തോടുകൂടി വളരുന്നതിനും ദൈവവുമായി നിത്യസമ്പർക്കത്തിലായിരിക്കുന്ന പ്രാർത്ഥനാ ജീവിതം ഏറെ അനിവാര്യമാണ്. ഒരു പ്രാർത്ഥിക്കുന്ന സമൂഹത്തിനു മാത്രമേ പുതിയൊരു മാനവികതയുടെ വർണ്ണാഭമായ സൂര്യോദയം ജീവിതയാഥാർത്ഥ്യമാക്കാൻ സാധിക്കയുള്ളു. പുതുവത്സരം ഈ ദർശനത്തിൽ വളരുവാൻ ഏവർക്കും ഇടയാകട്ടെ.

*"ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു"* (വി.ലൂക്കോ: 1:78, 79).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
25-12-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**